പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 376** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ബിരിക്കുളം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

| **ജില്ല** | **താലൂക്ക്** |
|---|---|
| കാസറഗോഡ് | വെള്ളരിക്കുണ്ട് |
| പാലക്കാട് | അട്ടപ്പാടി (ട്രൈബൽ) |
| മലപ്പുറം | കൊണ്ടോട്ടി |
| പത്തനംതിട്ട | മല്ലപ്പള്ളി |

**(ബി)** ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകളിൽ ആയവ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ അനുമതി/തത്വത്തിൽ അനുമതി ലഭ്യമായ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചതിനു ശേഷം പുതിയവയ്ക്കുള്ള ആവശ്യകതയും മുൻഗണനയും വിലയിരുത്തി പരിഗണിയ്ക്കാവുന്നതാണ്.

**(സി)** പരപ്പ ബിരിക്കുളം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ടി താലൂക്കിലെ പരപ്പ വില്ലേജിൽ റീ-സർവ്വേ നം. 155/Part-ൽ ബിരിക്കുളം എന്ന സ്ഥലത്ത് കണ്ടെത്തിയ 100 സെന്റ് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും നിലവിൽ അനുമതി/തത്വത്തിൽ അനുമതി ലഭ്യമായ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചതിനു ശേഷം പുതിയവയ്ക്കുള്ള ആവശ്യകതയും മുൻഗണനയും വിലയിരുത്തി പരിഗണിയ്ക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**